പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 13 — 10-12-2012 -ൽ മറുപടിക്ക്.

## വ്യാജ സ്പിരിറ്റ് കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>" പി. ഉബൈദുള്ള<br>" സി. മോയിൻകുട്ടി<br>" റ്റി. എ. അഹമ്മദ് കബീർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) അനധികൃത സ്പിരിറ്റ് കടത്ത് സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക മേഖലകളിൽ ഉണ്ടാക്കുന്ന ദുഃസ്വാധീനത്തെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. അനധികൃത സ്പിരിറ്റ് കടത്ത് തടയുന്നതിനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് അനധികൃത സ്പിരിറ്റ് കടത്ത് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) വ്യാജ സ്പിരിറ്റു കടത്തിലൂടെ നേടുന്ന ഭീമമായ സമ്പത്ത് സംസ്ഥാനത്തിന്റെ ക്രമസമാധാനത്തിനും സാമൂഹ്യ ഭദ്രതയ്ക്കുമെതിരെ പ്രയോഗിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) വ്യാജ സ്പിരിറ്റു കടത്തിലൂടെ നേടുന്ന ഭീമമായ സമ്പത്ത് സംസ്ഥാനത്തിന്റെ ക്രമസമാധാനത്തിനും സാമൂഹ്യ ഭദ്രതയ്ക്കുമെതിരെ പ്രയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സ്പിരിറ്റു കടത്തുകേസുകളിൽ ഭൂരിഭാഗത്തിലും തൊണ്ടിമുതൽ കിട്ടിയാലും പ്രതികളെ ലഭിക്കാത്ത കാര്യം ഗൗരവത്തിലെടുത്ത് അന്വേഷണം നടത്തുമോ; | (സി) സ്പിരിറ്റു കേസുകൾ എല്ലാം തന്നെ ഗൗരവമായി കണ്ട്, ആയതിലെ പ്രതികളെ കണ്ടെത്തി കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) 2012-ൽ എത്ര സ്പിരിറ്റു കടത്തു കേസുകൾ രജിസ്റ്റർ ചെയ്തു; എത്രയെണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചു? | (ഡി) 2012-ൽ 49 സ്പിരിറ്റു കടത്തു കേസുകൾ രജിസ്റ്റർ ചെയ്ത്, 37 എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ